കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അരിമ്പൂർ ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)173/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotsr.ksad@kerala.gov.in

തീയതി: 06.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
അരിമ്പൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അരിമ്പൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 3-1, 3-3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

സെക്ഷൻ 15(1)ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2) 173/2020, തിയ്യതി : 06.02.2020

# തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.18 മുതൽ 21.10.19 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.18 മുതൽ 31.03.19 തീയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി .മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019 മുതൽ 28.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബേബി.പി.വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.റീന ജോസഫ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രശാന്ത്.ടി.ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിദ്യ വിക്രമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അനീറ്റ ഡോമിനിക് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| സുജാതാ മോഹൻദാസ് | പ്രസിഡന്റ് | 01.04.2018 മുതൽ 31.03.2019 വരെ |
| ജയൻ എം. | സെക്രട്ടറി | 01.04.2018 മുതൽ 14.03.2019 വരെ |
| എ.എൽ തോമസ് | സെക്രട്ടറി ഇൻ ചാർജ്ജ് | 15.03.2019 മുതൽ 31.3.2019 വരെ |

സി)നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | സഖി.എൽ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ലക്ഷ്മി. കെ. മോഹൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഗോപീകൃഷ്ണൻ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഷീമ ഗംഗാധരൻ | 01-04-2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ഗംഗാദേവി.ഇ.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ദീപ എൻ.ഡി | 01-04-2018 മുതൽ 31-03-2019 വരെ |
| അസി.സെക്രട്ടറി | എ.എൽ തോമസ് | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | നിത ജോൺ | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. (എറവ് സർക്കിൾ) | സിന്ധു.കെ | 01-04-2018 മുതൽ 31-07-2018 വരെ |
| | ജ്യോതി | 01-08-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. (അരിമ്പൂർ സർക്കിൾ) | എമി ആനി ഐസക്ക് | 01-04-2018 മുതൽ 03-05-2018 വരെ |
| | സിന്ധു.കെ | 04.05.2018 മുതൽ 31-07-2018 വരെ |
| | ജ്യോതി | 01-08-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. (മനക്കൊടി സർക്കിൾ) | എമി ആനി ഐസക് | 01-04-2018 മുതൽ 03-05-2018 വരെ |
| | രമ്യ.കെ | 04-05-2018 മുതൽ 31-03-2019 വരെ |
| പ്രധാന അദ്ധ്യാപിക ജി.യു.പി.എസ് | ഉഷകുമാരി.വി | 01-04-2018 മുതൽ 31-03-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സ്മൃതി വാസുദേവൻ | 01-04-2018 മുതൽ 31-03-2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമ പെൻഷനുകൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയിട്ടുള്ള രശീതി ബുക്കുകളിലെ അപാകതകൾ | 1-13 |
| 14 | സപ്ലൈകോ ഡിപ്പോ കടമുറി വാടക തുകയോടൊപ്പം ജി.എസ്.ടി. ഇനത്തിലുള്ള തുക അടവാക്കിയിട്ടില്ല | 1-14 |
| 15 | തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-15 |
| 16 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത | 1-16 |
| 17 | ടെണ്ടർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല | 1-17 |
| 18 | കളക്ഷൻ ചാർജ് തനത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ് | 1-18 |
| 19 | ലോഗ്ബുക്ക് -ഇന്ധന ഉപഭോഗം കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-19 |
| 20 | പട്ടികജാതി ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് നൽകൽ പദ്ധതി - വകയിരുത്തിയ തുകയേക്കാൾ അധികം ചെലവഴിച്ചു | 1-20 |
| 21 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ പദ്ധതി - അപാകതകൾ | 1-21 |
| 22 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 1-22 |
| 23 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ ലഭിച്ചിട്ടില്ല | 1-23 |
| 24 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-24 |
| 25 | ടെണ്ടർ കുറവ് ഫൈനൽ ബില്ലിൽ നിന്നും കുറച്ചിട്ടില്ല. നഷ്ടം 44778/- രൂപ | 1-25 |
| 26 | അളവുകൾ രേഖപ്പെടുത്തിയതിൽ വ്യത്യാസം -നഷ്ടം2516/- രൂപ | 1-26 |
| 27 | കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - പിഴ ഈടാക്കേണ്ടതാണ് | 1-27 |
| 28 | ടെണ്ടർ അംഗീകാരം നൽകിയെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടില്ല | 1-28 |
| 29 | കരാറിലേർപ്പെട്ടിട്ടും ആരംഭിക്കാത്ത പ്രവൃത്തികൾ | 1-29 |
| 30 | ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരിച്ചിട്ടില്ല | 1-30 |
| 31 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് വാങ്ങുന്ന എല്ലാ മരുന്നുകളുടെയും വിനിയോഗം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല | 1-31 |
| 32 | കറവപ്പശു വിതരണം (പട്ടികജാതി) പദ്ധതി - 97,500/- രൂപയുടെ വിതരണ സ്റ്റേറ്റ്മെന്റ് ലഭ്യമായില്ല. | 1-32 |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ - S0219/19)- അർഹമായ പരിധിയിൽ കവിഞ്ഞ വിസ്തീർണ്ണമുള്ള വീടുകളുടെ ഉടമസ്ഥർക്കും ധനസഹായംനൽകി | 1-33 |
| 34 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-34 |
| | ഭാഗം-2 | |
| 35 | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | ഇല്ല |
| | ഭാഗം-3 | |
| | | |

| | | |
|---|---|---|
| 36 | ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തത് - 44,778/-രൂപ നഷ്ടം | 3-1 |
| 37 | അളവുകൾ രേഖപ്പെടുത്തിയതിൽ വ്യത്യാസം 2516/- രൂപയുടെ നഷ്ടം | 3-2 |
| 38 | കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.പിഴ ഈടാക്കേണ്ടതാണ് | 3-3 |
| | ഭാഗം-4 | |
| 39 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 46 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 50 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018 തീയതിയിലെ 1(1) - ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ മുന്നിരിപ്പ് 4692105/- രൂപയും, വരവ് 266535000/- രൂപയും, ചെലവ് 267614805/- രൂപയും നീക്കിയിരുപ്പ് 3612300/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 04-05-2019 | 06-05-2019 | 11-06-2019 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2018-19 | 20-08-2019 | 04-09-2019 |

## 1-4 സാമ്പത്തിക വിശകലനം (രസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5832597 |
| വരവ് | 95795631 |
| ആകെ | 101628228 |
| ചെലവ് | 79781116 |
| നീക്കിയിരിപ്പ് | 21847112 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 16172936 | 16172936 | 16172700 | 236 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9559000 | 9559000 | 8287592 | 1271408 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 60000 | 60000 | 0 | 60000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7646000 | 7646000 | 4928546 | 2717454 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3595000 | 3595000 | 3448807 | 146193 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7506000 | 7506000 | 5068010 | 2437990 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 5000000 | 3252851 | 8252851 | 6595291 | 1657560 |
| | ബ്ലോക്ക് | 40000 | 1481927 | 1521927 | 1521927 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | | | |
| | ബ്ലോക്ക് പഞ്ചായത്ത് (സ്പെഷ്യൽ ഫണ്ട്) | 0 | 12000 | 12000 | 0 | 12000 |
| തനത് ഫണ്ട് | കോ ഓപ്പറേറ്റീവ് ബാങ്ക് | 1822955 | 12668638 | 14491593 | 9207705 | 5283888 |
| | ട്രഷറി STSB | 1695360 | 29584897 | 31280257 | 19724192 | 11556065 |
| മറ്റിനം | e-payment | 11950 | 98038 | 109988 | 0 | 109988 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 142830418 | 180 | 61933760 | 10 | 38 | 79% |

# 1-7 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 47477 | 724702 | 772179 | 713100 | 59079 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 21477990 | 21477990 | 21477990 | 0 |

# 1-8 ക്ഷേമ പെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 154440 | 117 |
| കർഷകതൊഴിലാളി പെൻഷൻ | 9783200 | 4195 |
| വിധവാപെൻഷൻ | 17128900 | 5242 |
| വാർദ്ധക്യകാലപെൻഷൻ | -28645200 | 8304 |
| വികലാംഗ പെൻഷൻ | 4452100 | 1241 |
| 50 വയസ്സിനുമേലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2095400 | 641 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 10 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-10-2019 തീയതിയിൽ 2.30 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4094/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വൗച്ചറുകളും രജിസ്റ്ററുകളും ഏറെക്കുറെ കൃത്യതയോടെ പരിപാലിക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകളിൽ സെക്രട്ടറി കൃത്യമായി സാക്ഷ്യപ്പെടുത്തുന്നില്ല. ലോഗ്ബുക്കിൽ കൺട്രോളിംഗ് ഓഫീസറായ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല. ദുരിതാശ്വാസനിധി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.
നിർവ്വഹണ ഉദ്യോഗസ്ഥനായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ നല്ല രീതിയിൽ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ 34 അംഗൻവാടികൾ ഉള്ളതിൽ 10 എണ്ണത്തിന് സ്വന്തമായ കെട്ടിടങ്ങൾ ഇല്ലാത്തതാണ്. സ്ഥലം കണ്ടെത്തി, കെട്ടിടങ്ങൾ പണിയുന്നതിന് പ്രാധാന്യം നല്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.08.2019, 27.08.2019 | 4/2019 -6/2019 | 23.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.11.2015 | 2010-11 മുതൽ 2014-15 വരെ | 01.02.2016 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 2899322 | 2658652 | 122127 | 158898 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2899322 | 2739322 | 122127 | *159142 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 1046550 | 992272 | 54561 | 36425 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1046550 | 908928 | 54561 | *36469 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 271533 | 236919 | 44287 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *145691 | 221905 | 44444 ** |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........+.........=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........../105X100)=......., |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ | 306713 | 270080 | 41281 |

| | | | |
|---|---|---|---|
| പ്രകാരം | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 196895 | 267148 | 41330 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (.........+..........=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (............/105X100)=.........., ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | റെസിഡൻഷ്യൽ | 148394 | 14323 | 162717 | 135376 | 12004 | 147380 | 6199 | | 8202 | 2380 | 10582 |
| | നോൺ-റെസിഡൻഷ്യൽ | 52916 | 15569 | 68485 | 50013 | 13550 | 63563 | 2495 | | 1868 | 2116 | 3984 |
| | ആകെ | | | 231202 | | | 210941 | 8694 | | | | 14566 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | 14566 | | | 228334 | | 0 | | | 14566 |
| | | 0+14566 =(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 | സഞ്ചയ സോഫ്റ്റ്വെയർ |
|---|---|---|---|
| | | | |

| | | പ്രകാരമുള്ള തുകകൾ | പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Non-Residential building | 35750 | 34034 |

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,28,334/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,10,943/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് ഡിമാന്റ് ഒന്നും തന്നെ കുറവ് ചെയ്തിട്ടില്ല.

2.7 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 94358 | 122127 |
| 2 | 350410101-Advance collection of revenues - Property tax on Non-Residential building | 7036 | 54561 |

2.8.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു.അതിൽ 74,376/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800204 | 31/03/2019 | 26851 |

2.8.2 നോൺ-റെസിഡൻഷ്യൽ

| ക്രമ.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800221 | 31/03/2019 | 47525 |

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 97143 |
| 280100104-Prior period income-Property tax on non residential buildings | 62941 |

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

6.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,60,14,515/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,89,12,049/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

7. ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിവിധ ഡെപ്പോസിറ്റുകളുടെ വരവ്, ചിലവ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ കഴിയുന്ന തരത്തിൽ തയ്യാറാക്കിയിട്ടില്ല.

8. താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450610103 | 5701423304-1 | 36397 |

9.അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2019 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 34,33,800/- രൂപയാണ്. എന്നാൽ 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0രൂപ യാണ്.

# 1-13 വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയിട്ടുള്ള രശീതി ബുക്കുകളിലെ അപാകതകൾ

1.അസിസ്റ്റന്റ് എൻജിനീയർ (രശീതി ബുക്ക് നം. 6235), കൃഷി ഓഫീസർ (രശീതി ബുക്ക് നം.29103) എന്നിവയിൽ

രേഖപ്പെടുത്തലുകൾ വരുത്തിയപ്പോൾ ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

2.വെറ്റിനറി സർജൻ (രശീതി ബുക്ക് നം. 29104)ൽ 16 രശീതുകൾ മാത്രമേ ഗുണഭോക്താക്കൾക്ക് നല്കിയിട്ടുള്ളൂ.ബാക്കി പേജുകൾ ക്യാൻസൽ ചെയ്തിട്ടില്ല. 2019-20 വർഷത്തിൽ പുതിയ രശീതിബുക്ക് അനുവദിച്ചിട്ടുണ്ട് (രശീതി ബുക്ക് നം. 58989).

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രസീത്ബുക്ക് പൂർണ്ണമായി ഉപയോഗിച്ച് തീരുകയും കൗണ്ടർഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നല്കാൻ പാടില്ലാത്തതാണ്. പഴയ രസീത്ബുക്കിലെ പേജുകൾ ബാക്കി നില്ക്കേ, ആയത് ക്യാൻസൽ ചെയ്തിട്ടുണ്ടോ എന്ന പരിശോധനപോലും നടത്താതെ പുതിയത് അനുവദിച്ചത് ശരിയായ നടപടിയല്ല. രസീത്ബുക്കിലെ പേജുകൾ ഏതെങ്കിലും അവസരത്തിൽ ദുരുപയോഗം ചെയ്യപ്പെട്ടാൽ ഗ്രാമപഞ്ചായത്തിന് അതിൽ ഉത്തരവാദിത്തമുണ്ടായിരിക്കുകയും ചെയ്യും.

മേൽസൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-14 സപ്ലൈകോ ഡിപ്പോ കടമുറി വാടകത്തുകയോടൊപ്പം ജി.എസ്.ടി. ഇനത്തിലുള്ള തുക അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സപ്ലൈകോ ഡിപ്പോ (കെട്ടിട നം.XVI/1322) 2018-19 വർഷത്തിൽ വാടകതുകയോടൊപ്പം ജി.എസ്.ടി. ഇനത്തിലുള്ള തുക അടവാക്കിയിട്ടില്ല. 2018-19 വർഷത്തേക്കുള്ള വാടകകരാർ പുതുക്കുന്നതിനുള്ള സന്നദ്ധത അറിയിച്ച് കൊണ്ട് 07.03.2018-ൽ തൃശ്ശൂർ ഡിപ്പോ മാനേജർ അരിമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നല്കിയതിൽ '18% സർവ്വീസ് ടാക്സ് കൂടി' വാടകയോടൊപ്പം അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വാടകകരാറിൽ ജി.എസ്.ടി. യെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ തുക അടവാക്കുവാൻ നിർവ്വാഹമില്ല എന്ന് സപ്ലൈകോ അക്കൗണ്ട്സ് സെക്ഷനിൽനിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട് എന്ന് കാണിച്ച് 16-11-2018 -ൽ ഡിപ്പോ മാനേജർ കത്ത് നല്കിയതും ഫയൽ ചെയ്തിട്ടുണ്ട്. നാളിതുവരെ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സപ്ലൈകോയുമായുള്ള കടമുറിയുടെ കരാർ 15 വർഷത്തേക്കുള്ളതായതിനാൽ മേൽവിഷയം തുടർന്നുപോകുവാനുള്ള സാഹചര്യം നിലനില്ക്കുന്നു. ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും (എൻക്വയറി നം.10, 25.10.2019) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി. തുക ലഭ്യമാക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-15 തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല

താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം. | പേര് | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1. | ഷംന എ.പി. | എച്ച്.എം., എ.യു.പി.എസ്. പറക്കാട് | II |
| 2 | ഷൈജ തറയിൽ | ക്ലാർക്ക്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് | II |
| 3. | ശിശിര പി.എസ്. | സ്റ്റാഫ് നഴ്സ്, പ്രാഥമിക ആരോഗ്യകേന്ദ്രം,അരിമ്പൂർ | II |
| 4. | രേണു ഹരിനാരായണൻ | എസ്.ബി.ഐ, അരിമ്പൂർ | II |
| 5. | സഫീന | സീനിയർ അസിസ്റ്റന്റ്, KSEB | II |
| 6. | ബിന്ദു | സീനിയർ സൂപ്രണ്ട്, KSEB | I |
| 7. | സത്യൻ സി.എ. | ശ്രീമാധവ ഗ്യാസ് ഏജൻസീസ് | I,II |

തൊഴിൽനികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 വസ്തു നികുതി നിർണ്ണയത്തിലെ അപാകത

ശ്രീമതി.തങ്കം, പട്ടിയിൽ ഹൗസ്, അരിമ്പൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള സർവ്വെ നമ്പർ 230/1 (0.0991 ആർ) സ്ഥലത്ത് നിലവിലുള്ള താമസസ്ഥലത്തിനോട് ചേർന്ന് പുതുതായി പണികഴിപ്പിച്ച 92.5 ച.മീ.വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 3/604D ആയി കെട്ടിട നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധിച്ചതിൽ കെട്ടിടനികുതി നിർണ്ണയ അപേക്ഷയോടൊപ്പമുള്ള കംപ്ലീഷൻ പ്ലാനിലും, ഓവർസിയറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിലും രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിട വിസ്തീർണ്ണം ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ്.

| | |
|---|---|
| താഴത്തെ നില, താമസാവശ്യത്തിന് (നിലവിലുള്ളത്) | 104.83 ച.മീ |
| താഴത്തെ നില, വാണിജ്യാവശ്യത്തിന് (പുതുതായി പണികഴിപ്പിച്ചത്) | 26.50 ച.മീ. |
| ഒന്നാം നില, താമസാവശ്യത്തിന് (നിലവിലുള്ളത്) | 14.15 ച.മീ |
| ഒന്നാം നില, വാണിജ്യാവശ്യത്തിന് (പുതുതായി പണികഴിപ്പിച്ചത്) | 66.35 ച.മീ |
| ആകെ കെട്ടിട വിസ്തീർണ്ണം | 211.83 ച.മീ |

വസ്തുനികുതി നിർണ്ണ സോഫ്റ്റ് വെയറായ സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ചിരിക്കുന്ന കെട്ടിട വിസ്തീർണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം ച.മീ | ഓക്യുപ്പൻസി | നിലകൾ | ഇളവുകൾ/വർദ്ധനവ് | | | നികുതി നിർണ്ണയിച്ചത് |
|---|---|---|---|---|---|---|---|
| | | | | മേഖല ഇളവ് | റോഡിന്റെ തരംഅനുസരിച്ചുള്ള വർദ്ധനവ് | നിലകൾക്ക് ആനുപാതികമായ ഇളവ് | |
| 3/604 | 97.58 | താമസം (30 വർഷത്തെ കാലപ്പഴക്കം) | താഴത്തെ നില | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതൽ | ഇല്ല | 130 (പഴയ നിരക്കിലുള്ള നികുതി നിർണ്ണയം) |
| 3/ 604A | 16.8 | വാണിജ്യം (1 വർഷത്തെ കാലപ്പഴക്കം) | താഴത്തെ നില | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതൽ (20% ) | ഇല്ല | 605/- (16.8X30+ 20%of basic tax) |
| 3/604D | 92.85 | വാണിജ്യം (1 വർഷത്തെ കാലപ്പഴക്കം) | 26.50 (താഴത്തെ നില)+ 66.35 (ഒന്നാം നില) | ദ്വിതീയം (10% ഇളവ്) | 5 മീറ്ററോ അതിൽ കൂടുതൽ (20% വർദ്ധനവ്) | ഒന്നാം നില (5% ഇളവ്) | 2912/- (92.85X30- 10%of basic tax+20%of basic tax- 5%of tax assed) |
| ആകെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിട വിസ്തീർണ്ണം =207.23 ച മീ | | | | | | | |

മേൽ നികുതി നിർണ്ണയത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ആകെ കെട്ടിട വിസ്തീർണ്ണം 211.83ച.മീ, നികുതി നിർണ്ണയിച്ചത് 207.23ച.മീ. ഇതിൽ 97.58 ച.മീ നിലവിലുണ്ടായിരുന്ന കെട്ടിടത്തിനും ബാക്കി 16.8ച.മീ, 92.85ച.മീ എന്നിവ 2018-19 ലെ നികുതി നിർണ്ണയവുമാണ്. എന്നാൽ കംപ്ലീഷൻ പ്ലാൻ, ഓവർസിയറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് എന്നിവ പ്രകാരം പുതുതായി പണികഴിപ്പിച്ചിട്ടുള്ള വിസ്തീർണ്ണം 26.50ച.മീ താഴത്തെനിലയിലും, 66.35ച.മീ ഒന്നാം നിലയിലുമായി ആകെ 92.85ച.മീ ആണ്. 104.83ച.മീ താഴത്തെ നിലയിലും, 14.15ച.മീ ഒന്നാം നിലയിലുമായി താമസാവശ്യത്തിന് നിലവിലുണ്ടായിരുന്നതാണ്. (എന്നാൽ 97.58ച.മീ നിലവിലുണ്ടായിരുന്ന താമസകെട്ടിടത്തിനും മാത്രമേ നികുതി നിർണ്ണയിച്ചുകാണുന്നുള്ളു).

2)3/604,3/604A എന്നീ കെട്ടിടങ്ങൾ പ്രഥമ മേഖലയിൽ ഉൾപ്പെട്ടിട്ടുള്ളതും മേഖല ഇളവ് അനുവദിച്ചിട്ടില്ലാത്തതുമാണ്. എന്നാൽ ഇതേ കെട്ടിടത്തിന്റെ ഭാഗമായ 3/604D ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് അനുവദിച്ചിട്ടുണ്ട്. ഒരേ കെട്ടിടഭാഗങ്ങൾക്ക് ഇപ്രകാരം ഇളവ് അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/28.10.19 നുള്ള മറുപടിയിൽ പോർച്ചിന്റെ വിസ്തീർണ്ണമാണ് നികുതി നിർണ്ണയത്തിൽ കുറവായി രേഖപ്പെടുത്തിയിരിക്കുന്നത് എന്നും, മേഖല ഇളവ് തെറ്റായി രേഖപ്പെടുത്തിയതാണെന്നും ആയത് പരിഹരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പോർച്ചിന്റെ വിസ്തീർണ്ണം നികുതി നിർണ്ണയ ഫയലിൽ രേഖപ്പെടുത്തേണ്ടതും, വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത പരിഹരിക്കേണ്ടതുമാണ്.

# 1-17 ടെണ്ടർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുക LSGD എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 കളക്ഷൻ ചാർജ് തനത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ്

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അടവാക്കണ്ടതും ഇപ്രകാരം ഒടുക്ക് വരുത്തുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതുമാണ്. തൻവർഷത്തിൽ ഇപ്രകാരം അടവാക്കിയ തുകയുടെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ ഇപ്രകാരം തുക ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

# 1-19 ലോഗ്ബുക്ക് -ഇന്ധന ഉപഭോഗം കൃത്യമായി രേഖപ്പെടുത്തുന്നില്ല

പഞ്ചായത്ത് വാഹനമായ KL-8.AX 6909 ബൊലേറോ ജീപ്പിന്റെ ലോഗ് പരിശോധിച്ചതിൽ ഇന്ധന ഉപഭോഗം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. സർക്കുലർ നം 41/2008/ധനം02/08/2008 പ്രകാരമുള്ള നടപടിക്രമം പാലിക്കേണ്ടതാണ്. വാഹനത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയതായി കാണുന്നില്ല . വാഹനത്തിന്റെ ഇന്ധന ടാങ്ക് കപ്പാസിറ്റി 60 ലിറ്റർ ആണെന്നിരിക്കെ ഇന്ധനം ടാങ്കിൽ നീക്കിബാക്കി 307, 355 ലിറ്റർ എന്നിങ്ങനെയാണ് 4/18,5/18 മാസങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മാസാന്ത്യ സംക്ഷിപ്തം 9/18 മുതൽ പൂർണമായും രേഖപ്പെടുത്തുന്നില്ല. കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ലോഗ്ബുക്കിൽ കൃത്യമായ സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല. ഇന്ധനം നിറയ്ക്കുന്ന വിവരം കൃത്യമായി ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഇന്ധന ഉപഭോഗം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്. ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതിയതിന്റെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

4/18

opening Km -101496.

closing Km - 102830

Total Km covered – 1334

Balance fuel in tank – 295 ltr.

Fuel purchased – 101 ltr.

Total fuel - 396.2 ltr.

Fuel consumed - 88.93.

Balance fuel. - 307.27.

5/18

opening Km -102830

closing Km - 103835

Total Km covered – 1005

Balance fuel in tank – 307.27 ltr.

Fuel purchased – 115 ltr

Total fuel - 422.27 ltr.

Fuel consumed - 67.ltr

Balance fuel. - 355.27ltr.

ലോഗ് ബുക്ക് പരിപാലിക്കുന്നതിൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-20 പട്ടികജാതി ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് നൽകൽ പദ്ധതി - വകയിരുത്തിയ തുകയേക്കാൾ അധികം ചെലവഴിച്ചു

പദ്ധതി നമ്പർ – S0079/19
നിർവ്വഹണഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി
തൻവർഷ അടങ്കൽ : 11,52,000/- (9,00,000/-വികസനഫണ്ട് എസ്.സി.പി & 2,52,000/- ഗുണഭോക്തൃവിഹിതം)

ചെലവ് : 11,51,100/- (8,99,100/- വികസനഫണ്ട് എസ്.സി.പി & 2,52,000/- ഗുണഭോക്തൃവിഹിതം)

എ) സുലേഖ ചെലവുപത്രികപ്രകാരം 11,51,000/- രൂപ മാത്രമാണ് പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. എന്നാൽ, ഇതുകൂടാതെ, തനതുഫണ്ടിൽ നിന്നും 50,475/- രൂപ (വൗച്ചർ നമ്പർ 21801449/25.03.19) കൂടി ചെലവഴിച്ചിട്ടുണ്ട് (ആകെ പദ്ധതിചെലവ് - 12,01,575/-). പദ്ധതിക്കായി വകയിരുത്തിയ തുക 11,52,000/- രൂപയാണ്. പദ്ധതി ഭേദഗതി ചെയ്ത് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങാതെയാണ് അധികതുക ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ 49,575/- രൂപയുടെ (12,01,575 – 11,52,000) ചെലവ് നിരാകരിക്കുന്നു.

ബി) പദ്ധതിപ്രകാരം ആദ്യം 403 ഗുണഭോക്താക്കൾക്കാണ് വാട്ടർ ടാങ്കുകൾ വിതരണം ചെയ്യാൻ നിശ്ചയിച്ചിരുന്നത്. എന്നാൽ, കൂടുതൽ ഗുണഭോക്താക്കളിൽ നിന്നും വിഹിതം പിരിച്ചതിനാൽ പദ്ധതിയുടെ

ആനുകൂല്യം 30 പേർക്കുകൂടി നൽകിയിട്ടുണ്ട്. ഈ ആളുകൾ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടവരാണെന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

സി) പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയ 433 ഗുണഭോക്താക്കളിൽ 432 പേർ 700/- രൂപയും ഒരാൾ (ശ്രീമതി വത്സലരാജൻ) 70/- രൂപയുമാണ് അടവാക്കിയിട്ടുള്ളത്. ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെ വിശദാംശങ്ങളടങ്ങിയ പട്ടിക പ്രകാരം ടിയാളുടെ ഗുണഭോക്തൃവിഹിതത്തിൽ 630/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.

ഡി) പദ്ധതിക്കായി ഇ-ടെണ്ടർ ക്ഷണിച്ചതുപ്രകാരം ഓഷ്യൻ പോളിമേഴ്സ് അത്താണി, വിക്ടോറിയ പോളിഫോം കൈപ്പുള്ളി എന്നീ സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചത്. സ്പെസിഫിക്കേഷൻ പ്രകാരം ഐ.എസ്.ഐ ഗുണനിലവാരമുള്ള 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്കുകൾക്കാണ് ടെണ്ടർ ക്ഷണിച്ചത്. ഈ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ടാങ്ക് ഒന്നിന് ഓഷ്യൻ പോളിമേഴ്സ് 1490/- രൂപയും വിക്ടോറിയ പോളിഫോം 2775/- രൂപയും ക്വാട്ട് ചെയ്തെങ്കിലും കൂടിയ നിരക്കിലുള്ള ടെണ്ടറാണ് ഭരണസമിതി അംഗീകരിച്ചത്. അധികനിരക്കുള്ള ടാങ്കിന് ഭാരക്കൂടുതലുണ്ടെന്നതിനാലാണ് അംഗീകരിച്ചതെന്ന് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ടെണ്ടർ സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിട്ടില്ലാത്ത നിലവാരമാനദണ്ഡങ്ങൾ പിന്നീട് ഉൾപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. മാത്രമല്ല, ഭാരം സംബന്ധിച്ച ഗുണനിലവാരപരിശോധന ക്ഷമതയുള്ള സ്ഥാപനമോ ഏജൻസിയോ നടത്തിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലും ടെണ്ടർ നടപടികളിലും ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കുന്നതിന് തുടർവർഷങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-21 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ പദ്ധതി - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 80,000/- (വികസനഫണ്ട് - 75,000/-, തനത് ഫണ്ട് - 5,000/-)

ചെലവ് : 75,000/- (ട്രഷറി ബിൽ നമ്പർ - 4/18-19 dt. 27.11.18) 5,000/- (വൗച്ചർ നമ്പർ - 21800975 / 11.12.18)

എ) കൃത്യമായ തിരിച്ചടവ് ഉറപ്പാക്കിയിട്ടില്ല

മേൽപദ്ധതിയിൽ പുഷ്പം ഏപ്രൺ, കുടുംബശ്രീ വനിതാ കാന്റീൻ എന്നീ യൂണിറ്റുകൾക്ക് യഥാക്രമം 20,000/- രൂപയും 60,000/- രൂപയും നൽകിയിട്ടുണ്ട്. പ്രസ്തുതപദ്ധതിയുടെ തിരിച്ചടവ് നടത്തുന്നതിനായി തുടങ്ങിയ റിവോൾവിംഗ് ഫണ്ട് റീപേപ്മെന്റ് അക്കൗണ്ടിൽ (സൗത്ത് ഇന്ത്യൻ ബാങ്ക്, എറവ് ബ്രാഞ്ച്, A/c no. 0437073000050118) നാളിതുവരെ 2,000/- രൂപ (26.08.19 ന് 1,000/-, 27.09.19 ന് 1,000/-) മാത്രമാണ് വരവ് വന്നിട്ടുള്ളത്. സ.ഉ.(കൈ) നം. 22/2018/തസ്വഭവ തി. 14.02.18, ഖ.6.4 പ്രകാരം റിവോൾവിംഗ് ഫണ്ട് കൈപ്പറ്റി മൂന്നുമാസം കഴിഞ്ഞ് തിരിച്ചടവ് ആരംഭിക്കേണ്ടതാണ്. ഇതനുസരിച്ചുള്ള തിരിച്ചടവ് നടത്തിയിട്ടില്ല. മാത്രമല്ല, ബാങ്ക് സ്ലിപ്പുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഏത് യൂണിറ്റാണ് തിരിച്ചടവ് നടത്തിയതെന്നും വ്യക്തമല്ല. തിരിച്ചടവ് സർക്കാർ നിഷ്കർഷിച്ച വിധത്തിൽ നടത്തുന്നതിനും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) ബാങ്ക് അക്കൗണ്ടിൽ നിന്ന് അമിതമായ സർവീസ് ചാർജ്ജ് ഈടാക്കുന്നു

മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചതുപ്രകാരം ആകെ 2000/- രൂപ മാത്രമേ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളുവെങ്കിലും താഴെപ്പറയുന്ന രീതിയിൽ സർവീസ് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്.

| തിയ്യതി | തുക |
|---|---|
| 27.08.19 | 295.00 |
| 31.08.19 | 297.50 |
| 30.09.19 | 297.50 |
| ആകെ | 890.00 |

അക്കൗണ്ടിൽ മിനിമം ബാലൻസ് 5000/- രൂപ ഇല്ലാത്തതിനാലാണ് സർവീസ് ചാർജ്ജ് ഈടാക്കിയിട്ടുള്ളതെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.13/26.10.19) മറുപടി നൽകിയിട്ടുണ്ട്. പൊതു ആവശ്യത്തിനുള്ള അക്കൗണ്ടായതിനാൽ, മിനിമം ബാലൻസ് നിബന്ധന ഒഴിവാക്കികിട്ടുന്നതിനും ബാങ്ക് ഈടാക്കിയ തുക തിരികെ ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-22 വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | ബിൽ/ ചെക്ക് നമ്പർ തീയതി, തുക | തുക കൈപ്പറ്റിയത് | റിമാർക്ക്സ് |
|---|---|---|---|
| ഐ.കെ.എം വിഹിതം നല്കൽ. S001/19. | 2/2018-19. dtd.31.5.18. 83245/- | പ്രോജക്ട് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| വിജ്ഞാൻസാഗർ പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ. S0095/19 | 4/2018-19. dtd.31.5.18. 100000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. |
| സുശാന്തം പ്രവർത്തന ത്തിന് വിഹിതം നൽകൽ. S0081/19 | 3/18-19. dtd.31.5.18. 50000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. |
| വൈദ്യുതി ലൈൻ നീട്ടി തെരുവു വിളക്ക് സ്ഥാപിക്കൽ S0057/19 | 13/18-19. dtd.19.11.18. 684932/- ചെക്ക്നം.3387732. dtd.16.11.18 200000/- | എ.ഇ.കണ്ടശ്ശാങ്കടവ്, അരിമ്പൂർ ഇല.സെക്ഷൻ | കണ്ടശ്ശാങ്കടവ് സെക്ഷനിൽ നിന്നും 78161/- രൂപയുടെ യു.സി. ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ബാക്കി തുകയുടെ യു.സി. ഹാജരാക്കിയിട്ടില്ല. |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 10,40,016/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-23 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ ലഭിച്ചിട്ടില്ല

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് തൻവർഷം വികസന ഫണ്ടിൽ 635000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 200000/- രൂപയും ഉൾപ്പെടെ മൊത്തം 835000/- വകയിരുത്തിയിരുന്നു. ചെലവുകൾ മുഖ്യമായും വാഹന വാടക, ഹോം കെയർ അംഗങ്ങളുടെ ഭക്ഷണം, മരുന്നുകൾ എന്നിവയ്ക്കാണ് നടത്തിയിട്ടുള്ളത്.

ഹോംകെയർ റിപ്പോർട്ട് പരിശോധിച്ചതിൽ തൻവർഷം 191 ഭവന സന്ദർശനങ്ങൾ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ പരിശോധിച്ച സാക്ഷ്യപ്പെടുത്തുന്നില്ല. മേൽ പ്രോജക്ടിൽ ട്രഷറി ബിൽ നം.18/2018-19 dtd.28.11.18 പ്രകാരം 184240/- രൂപ ട്രഷറിയിൽ നിന്നും പിൻലിച്ചിട്ടുണ്ട്. ആയതിൽ 150000/-രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. കൂടാതെ ട്രഷറി ചെക്ക് നം 21801400.dtd.20.3.19.പ്രകാരം 200000/- രൂപ ബ്ലോക്ക് വിഹിതവും മരുന്നുകൾ വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭിച്ചതിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി ബന്ധപ്പെട്ട ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അന്വേഷണത്തിൽ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല എന്നറിയാൻ കഴിഞ്ഞു. മരുന്നുകൾ വാങ്ങിയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അവശരായ രോഗികൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാക്കുവാൻ ഊർജിത നടപടികൾ ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 3,50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-24 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

ഓഡിറ്റ് വർഷം പൊതുമരാമത്ത് മേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ 118 പ്രോജക്ടുകളാണ് ഏറ്റെടുത്തത്. ഇതിൽ 69 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. അതായത് 58 ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്ടുകളിൽ 49 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു.

(1)കരാർ ചമക്കൽ

പൊതുമരാമത്ത് മാന്വൽ പ്രകാരം ടെണ്ടർ അംഗീരിക്കപ്പെട്ട വിവരം അറിയിച്ച് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിയാണ് കരാർ ചമക്കേണ്ടത്. (മിനിമം 1000/- പരമാവധി 25000/-) 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം, EMD കണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കണം.(PWD manual. ഖ.2009-6). ഇപ്രകാരം നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾ ഓഡിറ്റിൽ കാണുകയുണ്ടായി. ഈ പ്രവൃത്തികളിൽ തുടർനടപടികൾ എടുത്ത് അറിയിക്കേണ്ടതാണ്. (ഖണ്ഡിക 1-28) കാണുക).

(2)പ്രവ്യത്തി പൂർത്തീകരണ കാലയളവ്

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയക്രമം (Curing etc), തുടങ്ങിയ മറ്റെല്ലാ ഘടകങ്ങളും സമയപരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത്. (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005) എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല.

(3)കാലാവധി ദീർഘീകരണം (Extension of Time) & പിഴ

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെവരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരിഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ

ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം) പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല. ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനും കരാർ ചമക്കുമ്പോൾ പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

(4) മോണിറ്ററിങ്ങ് നടത്തുന്നില്ല

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ/തീയതി 16.11.13ലെ ഖണ്ഡിക 19 പ്രകാരം പ്രൊജക്ട് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മുഴുവൻ പ്രൊജക്ടുകളുടെയും നിർവ്വഹണത്തിൽ നടന്നിട്ടില്ല. മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ലാതെയാണ് ബിൽ തുക നല്കിയിരിക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മോണിട്ടറിങ്ങ് നടത്തുന്നതിന് വേണ്ട നടപടികൾ തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

(5)ഇ-ടെൻഡർ കൂടുതൽ പ്രവർത്തികളിൽ നടപ്പിലാക്കുന്നില്ല.

17.11.2015ലെ ജി.ഒ.(പി)524/15/ധനം സർക്കാർ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷം രൂപയും അതിന് മുകളിലുള്ള എല്ലാ മരാമത്ത് പ്രവർത്തികളും ഇ-ടെൻഡർ മുഖേനയാണ് നടപ്പിലാക്കേണ്ടത്. എന്നാൽ പരിമിതമായ എണ്ണം മാത്രമാണ് ഇ -ടെൻഡർ മുഖേന നിർവ്വഹിച്ചതെന്ന് കാണുന്നു. 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ 5 ലക്ഷവും അതിന് മുകളിലുമുള്ള 7 പ്രവൃത്തി മാത്രമാണ് ഇ -ടെൻഡർ മുഖേന നിർവ്വഹിച്ചത്. അതോടൊപ്പം ഒരേ പ്രവൃത്തി അടങ്കൽ തുക വിഭജിച്ച് രണ്ട് പ്രോജക്ടുകളായി അംഗീകാരം വാങ്ങുന്നതായും കാണുന്നു. ഗ്രാമ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി പരിഗണിച്ച് വേണം പദ്ധതി തയ്യാറാക്കാൻ എന്ന നിർദേശം മാനിക്കാതെയാണ് മേൽപ്പറഞ്ഞ രീതിയിൽ പ്രോജക്ടുകൾക്ക് അംഗീകാരം നേടുന്നത്.

മറ്റു അപാകതകൾ

എഗ്രിമെന്റ് രജിസ്റ്ററിലെ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല. വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് പല ഫയലുകളിലും ഇല്ല. എസ്റ്റിമേറ്റ് റിപ്പോർട്ട് മലയാളത്തിൽ തയ്യാറാക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, ഇഎംഡി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ പരിഗണിക്കേണ്ടതാണ്.

# 1-25 ടെണ്ടർ കുറവ് ഫൈനൽ ബില്ലിൽ നിന്നും കുറച്ചിട്ടില്ല. നഷ്ടം 44778/- രൂപ

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും ടെണ്ടർ കുറവ്

രേഖപ്പെടുത്തിയത് ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടുകളുടെ വിവരം | മൂല്യനിർണ്ണയവിവരം | ടെണ്ടർ കുറവ് |
|---|---|---|---|
| 1 | പ്രോജക്ട് - പഞ്ചായത്ത് ഓഫീസ് നവീകരണം (108/19)<br>അടങ്കൽ - 156660<br>ചെലവ് - 153,996/- , ബിൽനം.21/18-19, 25.2.19<br>കരാർ നം., തീയതി - 13/AE/LSGD/AMPR/18-19,22.9.2018<br>MB-193/18-19<br>കരാറുകാരൻ - N.C.റജിൽ<br>ടെണ്ടർ നിരക്ക് -15.36% കുറവ് | മൂല്യനിർണ്ണയതുക -153996/-<br>കിഴിവുകൾ<br>IT-1540<br>KCWWF-1540<br>ആകെ-3080<br>കിഴിവുകൾ കഴിച്ച് കരാറുകാരന് നൽകിയതുക -150916 | ടെണ്ടർ കുറവ് 15.36% – 23654<br>(8.8.2018 ലെ 1(3) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം) |
| 2 | പ്രോജക്ട് - വെളുത്തൂർ വില്ലേജ് ഓഫീസിന് പിൻവശം അംഗനവാടിനം.112റോഡ് കട്ടവിരിക്കൽ (145/19)<br>അടങ്കൽ - 206480<br>ചെലവ് - 192,040/- , ബിൽനം.19/18-19, 23.1.19<br>കരാർ നം., തീയതി - 17/AE/LSGD/AMPR/18-19,22.9.2018<br>MB-413/17-18<br>കരാറുകാരൻ - അനുരാഗ് P.P<br>ടെണ്ടർ നിരക്ക് -11% കുറവ് | മൂല്യനിർണ്ണയതുക -192040/-<br>കിഴിവുകൾ<br>IT-1920<br>KCWWF-1920<br>ആകെ-3840<br>കിഴിവുകൾ കഴിച്ച് കരാറുകാരന് നൽകിയതുക -188200 | ടെണ്ടർ കുറവ് 11% - 21124 |
| ആകെ തുക | | | 44,778/- |

ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (എൻക്വയറി നം.18/26.10.19)

# 1-26 അളവുകൾ രേഖപ്പെടുത്തിയതിൽ വ്യത്യാസം -നഷ്ടം2516/- രൂപ

പ്രോജക്ട് - വാർഡ് 8, സ്റ്റുഡന്റ്സ് ബ്രാഞ്ച് റോഡ് (205/19)

അടങ്കൽ - 407747

ചെലവ് - 364062/-, 10/18-19,31.5.18

29230/-, 26/18-19, 31.7.18 (ആകെ ചെലവ് - 393,292)

കരാറുകാരൻ - അനുരാഗ് P.P

കരാർ - 29/17-18, 3.1.18

മേൽ പ്രവൃത്തിയുടെ ഇനം ഒന്ന്, രണ്ട് എന്നിവയിൽ അളവുകൾ രേഖപ്പെടുത്തിയതും ചെക്ക് മെഷർ ചെയ്തതും തമ്മിൽ വ്യത്യാസം ഉണ്ട്. ശരിയായി രേഖപ്പെടുത്തിയത് പരിഗണിക്കാതെയാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയ അളവ്, നിരക്ക്, തുക | നൽകാവുന്ന അളവ്, നിരക്ക്, തുക | വ്യത്യാസം |
|---|---|---|---|
| ഇനം 1 filling with quarry mud (MBപേജ് 5,8) | $56.72m^3$x891.95=50591.40 | $54.589m^3$x891.95=48690.65 | 1901 |
| ഇനം 2 മണ്ണ് ഫില്ലിംഗ് (MBപേജ് 3,9) | $59.69m^3$x273.47=16323.42 | $57.44m^3$x273.47=15708.11 | 615 |
| ആകെ തുക | | | 2,516/- |

ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ഇപ്രകാരം തെറ്റ് സംഭവിച്ചതിനാൽ 2516/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-27 കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - പിഴ ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിന് കരാറിൽ ഏർപ്പെട്ട കരാറുകാർ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിച്ചിട്ടില്ല.
2013 ൽ പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ വീഴ്ച്ച മൂലം പ്രൊജക്റ്റ് നിർവ്വഹണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, കരാറുകാരൻ പ്രൊജക്റ്റ് നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ പരിശോധിച്ച് സ്വീകാര്യമാണെന്ന് കാണുന്ന പക്ഷം പ്രൊജക്റ്റ് നിർവ്വഹണ കാലയളവ് പ്രൊജക്റ്റ് അടങ്കലിന്റെ 1% പിഴ ഈടാക്കിക്കൊണ്ട് യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പ്രൊജക്റ്റ് അടങ്കലിന്റെ 2% പിഴ ഈടാക്കിക്കൊണ്ട് ഇപ്രകാരം ഒരു തവണ കൂടി യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% വരെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 50% ൽ അധികരിച്ച് പ്രൊജക്റ്റ് നിർവ്വഹണ സമയം ദീർഘിപ്പിച്ച് നൽകാൻ പാടില്ല. മേൽ പ്രൊജക്റ്റുകൾ യഥാസമയം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാർക്ക് ഒരിക്കൽ പോലും നിർദ്ദേശം നൽകിയതായി കാണുന്നില്ല. ഇപ്രകാരം യാതൊരു നടപടിക്രമങ്ങളും താഴെ പറയുന്ന പ്രൊജക്റ്റുകളുടെ കാര്യത്തിൽ സ്വീകരിക്കുകയോ, കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് വിവരം | സൈറ്റ് കൈമാറിയ തീയതി | പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | കാലതാമസം | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | പ്രോജക്ട്-എഴുത്തച്ഛൻ റോഡ് റീടാറിംഗ് (196/19)<br>അടങ്കൽ -265000<br>Agreed PAC- 261848<br>ചെലവ് -261720,<br>ബിൽ നം. -33/18-19, 12.3.19<br>കരാർ നം. -60/AE/LSGD/AMPR/17-18/22.3.18<br>MB-188/18-19<br>കരാറുകാരൻ-അനുരാഗ് P.P | 22.3.18 | 22.9.18 | 28.2.19 | 5 മാസം | പൂർത്തീകരണ കാലയളവിന്റെ ആദ്യത്തെ25% 45ദിവസം<br>261848x1% -2618<br>രണ്ടാമത്തെ25% 45ദിവസം<br>261848x2% -5237<br>ആകെ തുക - 7855/- |
| 2 | പ്രോജക്ട് -കൈപ്പിള്ളി ചെമ്പോത് റോഡ് മെറ്റലിംഗ്, ടാറിംഗ് (172/19)<br>അടങ്കൽ -332000<br>Agreed PAC- 329981<br>ചെലവ് -329969<br>ബിൽ നം. -39/18-19, 22.3.19<br>കരാർ നം. -59/AE/LSGD/AMPR/17-18/22.3.18<br>MB-203/18-19<br>കരാറുകാരൻ-അനുരാഗ് P.P | 22.3.18 | 22.9.18 | 27.2.19 | 5 മാസം | പൂർത്തീകരണ കാലയളവിന്റെ ആദ്യത്തെ25% 45ദിവസം<br>329981x1% -3300<br>രണ്ടാമത്തെ25% 45ദിവസം<br>329981x2% -6600<br>ആകെ തുക – 9900/- |
| 3 | പ്രോജക്ട് -കൈപ്പിള്ളി റിംഗ് ബ്രാഞ്ച് റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് (169/19)<br>അടങ്കൽ -639000<br>Agreed PAC- 622565<br>ചെലവ് -622543 | 31.3.17 | 31.9.17 | 24.3.18 | 6 മാസം | പൂർത്തീകരണ കാലയളവിന്റെ ആദ്യത്തെ25% 45ദിവസം<br>622565x1% -6226<br>രണ്ടാമത്തെ25% 45ദിവസം |

| | | | | | | |
|---|---|---|---|---|---|---|
| | ബിൽനം -5/18-19, 31.5.18<br>കരാർ നം. -63/AE/LSGD/AMPR/17-18/31.3.17<br>MB-358/17-18<br>കരാറുകാരൻ-അനുരാഗ് P.P | | | | | 622565x2% -12451<br>ആകെ തുക – 18677/- |
| ഈടാക്കേണ്ട ആകെ തുക | | | | | | 36,432/- |

പിഴ ഈടാക്കാത്തതിന് എന്തെങ്കിലും കാരണം ഉണ്ടെങ്കിൽ വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ചുകൊണ്ട് എൻക്വയറി നം.19/26.10.19 നൽകിയെങ്കിലും മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-28 ടെണ്ടർ അംഗീകാരം നൽകിയെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടില്ല

പഞ്ചായത്ത് കമ്മിറ്റിയുടെ 10.7.18, 8.8.18 തിയതികളിലെ 1(3) നമ്പർ തീരുമാനപ്രകാരം ലഭ്യമായ ടെണ്ടറുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

| പ്രോജക്ട് | പ്രോജക്ട് നം. | കരാറുകാരൻ | ക്വാട്ട് ചെയ്ത തുക |
|---|---|---|---|
| അരിമ്പൂർ പി.എച്ച്.സി കിണർ അറ്റകുറ്റപ്പണി | 39/18-19 | അനുരാഗ് | 11% കുറവ് |
| കുടുംബശ്രീകെട്ടിടം | 105/18-19 | ശരത് | 14.2%കുറവ് |
| കമ്മ്യൂണിറ്റി ഹാൾ കിണർ വൃത്തിയാക്കൽ | 146/18-19 | അനുരാഗ് | എസ്റ്റിമേറ്റ് നിരക്ക് |
| മുനയം കിണർ സംരക്ഷണം | 154/18-19 | അനുരാഗ് | എസ്റ്റിമേറ്റ് നിരക്ക് |
| എറവ് പരയ്ക്കാട് വില്ലേജ് ഓഫീസിലെ കിണർ സംരക്ഷണം | 162/18-19 | അനുരാഗ് | 14% കുറവ് |

ടെണ്ടർ സ്വീകരിച്ചതിന് ശേഷം ഏഴ് ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കി തുടർന്ന് 14 ദിവസത്തിനകം കരാർ വെക്കേണ്ടതുമാണ്. 14 ദിവസംകഴിഞ്ഞ് പത്ത് ദിവസത്തിനകം കരാറുടമ്പടിയിൽ ഏർപ്പെട്ടില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി കരാർ ഉടമ്പടി വെക്കാം. 14 ദിവസവും പിഴയോടുകൂടിയ പത്ത് ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കുകയും ഇ.എം.ഡി കണ്ടുകെട്ടുകയും ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ഇപ്രകാരം യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കേണ്ടതാണ് എന്ന് കാണിച്ചുകൊണ്ട് നൽകിയ എൻക്വയറിക്ക് (3/24.10.19) കരാർവെച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പർ നൽകി ആധികാരികമാക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-29 കരാറിലേർപ്പെട്ടിട്ടും ആരംഭിക്കാത്ത

# പ്രവൃത്തികൾ

കരാർ ചമച്ച് പത്ത് ദിവസത്തിനകം കരാറുകാരൻ പ്രവൃത്തി സ്ഥലം അസി.എഞ്ചിനീയറിൽ നിന്നും ഏറ്റെടുക്കേണ്ടതും പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികൾ മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്ട് | പ്രോജക്ട് നം. | കരാറുകാരൻ, ക്വോട്ട് ചെയ്ത നിരക്ക് | കരാർ നമ്പർ, തീയതി |
|---|---|---|---|
| തേമാലിപ്പുറം കുടിവെള്ളപദ്ധതി | 126/18-19 | അനുരാഗ് 12%കുറവ് | 18/18-19, 22.9.18 |
| തേമാലിപ്പുറം കോളനി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് | 147/18-19 | സെബാസ്റ്റ്യൻ എസ്റ്റിമേറ്റ് നിരക്ക് | 27/18-19, 22.9.18 |

കരാർ വെച്ച ശേഷം സ്ഥലം ഏറ്റെടുക്കാതിരിക്കുക, പണി തുടങ്ങാതിരിക്കുക തുടങ്ങിയ കാര്യങ്ങളിൽ കരാർ തുകയുടെ 0.1% ഓരോ ആഴ്ചയ്ക്കും (പരമാവധി 10% കരാർ തുക) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കണം. കൂടാതെ ടി പ്രവൃത്തിയിൽ അടുത്ത കുറവ് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയും കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ചെലവ് തുക ഈടാക്കുകയും വേണം. മേൽ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്തതിനാൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ് എന്ന് കാണിച്ചുകൊണ്ട് എൻക്വയറി (4/24.10.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-30 ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരിച്ചിട്ടില്ല

2018-19 വർഷം താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് എക്സി.എഞ്ചിനീയർ, വാട്ടർഅതോറിറ്റി തൃശ്ശൂർ പി.എച്ച്. ഡിവിഷനിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ, പൂർത്തീകരണരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | പൈപ്പ് ലൈൻ നീട്ടൽ, കുണ്ടോളി സബ് റോഡ് (211/19) | 150000 | 150000<br>1/18-19, 27.5.18 |
| 2 | പൈപ്പ് ലൈൻ നീട്ടൽ (149/19) | 300000 | 300000<br>20/18-19, 30.1.19 |
| 3 | അംബേദ്കർ കുടിവെള്ള പദ്ധതി (125/19) | 300000 | 300000<br>38/18-19, 26.3.19 |

കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർദേശം നൽകേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (എൻക്വയറി നം.22/28.10.19)

# 1-31 വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് വാങ്ങുന്ന എല്ലാ മരുന്നുകളുടെയും വിനിയോഗം സ്റ്റോക്ക്

# രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

തൻവർഷം വാങ്ങിയ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആകെ 17 മരുന്നുകളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 17/26.10.19). സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-32 കറവപ്പശു വിതരണം (പട്ടികജാതി) പദ്ധതി - 97,500/- രൂപയുടെ വിതരണ സ്റ്റേറ്റ്മെന്റ് ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

വൗച്ചർ നമ്പർ 21800258/19.06.18 പ്രകാരം വെറ്ററിനറി സർജന് നൽകിയ 97,500/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള 7130114000007 നമ്പർ ടി.എസ്.ബി അക്കൗണ്ടിൽ വരവു വന്നിട്ടുണ്ട്. ഈ തുക അക്കൗണ്ടിൽ നിന്ന് പിൻവലിച്ചിട്ടുണ്ടെങ്കിലും നൽകിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമായില്ല. രേഖകളുടെ അഭാവത്തിൽ 97,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-33 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ - S0219/19)- അർഹമായ പരിധിയിൽ കവിഞ്ഞ വിസ്തീർണ്ണമുള്ള വീടുകളുടെ ഉടമസ്ഥർക്കും ധനസഹായംനൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ മനക്കൊടി സർക്കിൾ

തൻവർഷ അടങ്കൽ : 12,00,000/- (വികസനഫണ്ട് എസ്.സി.പി)

ചെലവ് : 10,00,000/-

സ.ഉ (കൈ) നം.22/2018/തസ്വഭവ തി. 14.02.2018, ഖ.7.2.17 പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിനാണ് ധനസഹായം നൽകാവുന്നത്. പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതുപ്രകാരം മൂന്നു ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ വിസ്തീർണ്ണം ഈ പരിധിയിൽ അധികമാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിശദാംശങ്ങൾ | നിർമ്മാണപെർമിറ്റ് പ്രകാരമുള്ള വിസ്തീർണ്ണം (ച.അടി) | ആകെ നൽകിയ തുക | തൻവർഷം നൽകിയ തുക, ബിൽ നമ്പർ |
|---|---|---|---|---|
| 1 | ബിന്ദു ഉണ്ണികൃഷ്ണൻ (മകൻ - ആദർശ്) | 856 | 1,00,000/- | 50,000/- 2/18-19 dt.19.07.18 |
| 2 | സുനിത ബാബു (മകൻ- ജിഷ്ണു.എം.ബി) | 945 | 1,00,000/- | 50,000/- 5/18-19 dt.16.01.19 (25,000/-) |

| | | | | |
|---|---|---|---|---|
| | | | | 12/18-19 dt.13.03.19<br>(25,000/-) |
| 3 | സുരേഷ് കോടോക്കി<br>(മകൻ- സൂരജ്.കെ.എസ്) | 895 | 1,00,000/- | 50,000/-<br>2/18-19 dt.19.07.18 |

മാർഗ്ഗരേഖാവിരുദ്ധമായി ധനസഹായം അനുവദിച്ച നടപടി ശരിയല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (9/25.10.19) മറുപടിയിൽ മാർഗ്ഗരേഖാവിരുദ്ധമായി ധനസഹായം അനുവദിച്ചത് നിഷേധിച്ചിട്ടില്ല. തലശ്ശേരി നഗരസഭയിൽ ഉണ്ടായ സമാനമായ സാഹചര്യത്തിൽ സർക്കാർ സ.ഉ(സാധാ) നം.670/2018/തസ്വഭവ തി. 13.03.18 പ്രകാരം (06.02.18 ലെ കോ-ഓഡിനേഷൻ കമ്മിറ്റി യോഗത്തിലെ 4.64 നമ്പർ തീരുമാനം) ഇളവനുവദിച്ചിട്ടുണ്ടെന്ന കാര്യം കൂടി മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എങ്കിലും പ്രസ്തുത ഉത്തരവ് തലശ്ശേരി നഗരസഭക്കുള്ള പ്രത്യേകാനുമതിയായതിനാൽ മേൽപട്ടികയിലെ ഗുണഭോക്താക്കൾക്ക് ബാധകമാക്കാനാവില്ല. ആയതിനാൽ, അനർഹരായ ഗുണഭോക്താക്കൾക്ക് നൽകിയ 3,00,000/- രൂപ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 2017-18 വർഷത്തിൽ 1,50,000/- രൂപ നൽകിയതിന് ഉത്തരവാദികളെ കണ്ടെത്തി ബാധ്യത പ്രത്യേകം നിർണ്ണയിക്കേണ്ടതാണ്. തൻവർഷം നൽകിയ 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി) 2017-18 വർഷം പഠനമുറി നിർമ്മാണത്തിന് മുൻകൂർ അനുവദിക്കപ്പെട്ട ഗുണഭോക്താക്കളായ സുനിൽ കറുത്തോത്തിൽ (50,000/-), അനിത സന്തോഷ് മങ്ങാട്ട് (50,000/-), ശോഭന രവി മങ്ങാട്ട് (50,000/-) എന്നീ ഗുണഭോക്താക്കൾ 2018-19 വർഷത്തിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇവരുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

# 1-34 മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഗ്രാമീണ ജനതയുടെ ജീവിതസുരക്ഷ ഉറപ്പാക്കി ദാരിദ്ര്യ നിർമ്മാജനം കൈവരിക്കുന്നതിനും പ്രകൃതി വിഭവ സംരക്ഷണത്തിലൂടെ പാരിസ്ഥിതിക പുനസ്ഥാപനത്തിനും കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിലൂടെ ഭക്ഷ്യസുരക്ഷ നേടുന്നതിനുമായി 2005 സെപതംബർ 5-ാം തീയതി ഭാരത സർക്കാർ പാസ്സാക്കിയതാണ് മഹാത്മ ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമം. 2018-19 വർഷത്തെ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

മുന്നിരിപ്പ് - 47477/-

വരവ് - 22202692/-

മൊത്തം - 22250169/-

ചെലവ് - 22191090/-

നീക്കിയിരിപ്പ് (31.1.19) - 59079/

ആകെ തൊഴിൽ കാർഡുകളുടെ എണ്ണം - 1766.

2018-19 വർഷത്തിൽ ഇഷ്യു ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം - 102

2018-19 വർഷത്തിൽ 100 ദിനം തൊഴിൽ ചെയ്തവരുടെ എണ്ണം - 375

ആകെ തൊഴിലാളികളുടെ എണ്ണം - 850

ആകെ കുടുംബങ്ങളുടെ എണ്ണം – 773.

2018-19 ൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ – 883

2018-19 ൽ നടപ്പാക്കിയ പ്രോജക്ടുകൾ – 223.

2018-19 ൽ നടപ്പാക്കാത്ത പ്രോജക്ടുകൾ – 660

2018-19 ൽ പാതിവഴിയിൽ ഉപേക്ഷിച്ചവ – ഇല്ല.

2018-19 വർഷത്തിൽ 223 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. നടപ്പാക്കിയ പ്രോജക്ടുകളുടെ പേര്, എണ്ണം എന്നിവ താഴെ ചേർക്കുന്നു.

അംഗൻവാടി കെട്ടിട നിർമ്മാണം -1, നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം -2, നഴ്സറി നിർമ്മാണം -1, കാന നിർമ്മാണം – 3, തോട് നവീകരണം -64, ഭവന നിർമ്മാണം -52 , കക്കൂസ് നിർമ്മാണം -22, വൃക്ഷത്തൈ നടീലും സംരക്ഷണവും -15, റോഡ് കോൺക്രീറ്റിംഗ് -3, കിണർ നിർമ്മാണം -12, കയർ ഭൂവസ്ത്രം -3, മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ -41, കുളം നിർമ്മാണം -2, തൊഴുത്ത് നിർമ്മാണം -2. അംഗീകാരം ലഭിച്ച 883 പ്രോജക്ടുകളിൽ 223 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. 660 പ്രോജക്ടുകളും നടപ്പാക്കാത്തവയാണ്. അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- 
- 

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തത് - 44,778/-രൂപ നഷ്ടം

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും ടെണ്ടർ കുറവ് രേഖപ്പെടുത്തിയത് ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടുകളുടെ വിവരം | മൂല്യനിർണ്ണയ വിവരം | കുറവ് വന്ന തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പ്രോജക്ട് - പഞ്ചായത്ത് ഓഫീസ് നവീകരണം (108/19)<br>അടങ്കൽ - 156660<br>ചെലവ് - 153,996/- , ബിൽനം.21/18-19, 25.2.19<br>കരാർ നം,തീയതി - 13/AE/LSGD/AMPR/18-19,22.9.2018<br>MB-193/18-19<br>കരാറുകാരൻ - N.C.റജിൽ<br>ടെണ്ടർ നിരക്ക് -15.36% കുറവ് | മൂല്യനിർണ്ണയ തുക -153996/-<br>കിഴിവുകൾ<br>IT-1540<br>KCWWF-1540<br>ആകെ-3080<br>കിഴിവുകൾ കഴിച്ച് കരാറുകാരന് നൽകിയ തുക -150916 | ടെണ്ടർ കുറവ് 15.36% – 23654<br>(8.8.2018 ലെ 1(3) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം) |
| 2 | പ്രോജക്ട് - വെളുത്തൂർ വില്ലേജ് ഓഫീസിന് പിൻവശം അംഗനവാടിനം.112 റോഡ് കട്ടവിരിക്കൽ (145/19)<br>അടങ്കൽ - 206480<br>ചെലവ് - 192,040/- , ബിൽനം.19/18-19, 23.1.19<br>കരാർ നം., തീയതി - 17/AE/LSGD/AMPR/18-19,22.9.2018<br>MB-413/17-18<br>കരാറുകാരൻ - അനുരാഗ്.P.P<br>ടെണ്ടർ നിരക്ക് -11% കുറവ് | മൂല്യനിർണ്ണയതുക -192040/-<br>കിഴിവുകൾ<br>IT-1920<br>KCWWF-1920<br>ആകെ-3840<br>കിഴിവുകൾ കഴിച്ച് കരാറുകാരന് നൽകിയതുക -188200 | ടെണ്ടർ കുറവ് 11% - 21124 |
| ആകെ തുക | | | 44,778/- |

ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (എൻക്വയറി നം.18/26.10.19)

# 3-2 അളവുകൾ രേഖപ്പെടുത്തിയതിൽ വ്യത്യാസം

## 2516/- രൂപയുടെ നഷ്ടം

പ്രോജക്ട് - വാർഡ് 8, സ്റ്റഡന്റ്സ് ബ്രാഞ്ച് റോഡ് (205/19)

അടങ്കൽ - 407747

ചെലവ് - 364062/-, 10/18-19,31.5.18

29230/-, 26/18-19, 31.7.18 (ആകെ ചെലവ് - 393,292)

കരാറുകാരൻ - അനുരാഗ് P.P

കരാർ - 29/17-18, 3.1.18

അളവുപുസ്തകം - 374/17-18

മേൽ പ്രവൃത്തിയുടെ ഇനം ഒന്ന്, രണ്ട് എന്നിവയിൽ അളവുകൾ രേഖപ്പെടുത്തിയതും ചെക്ക് മെഷർ ചെയ്തതും തമ്മിൽ വ്യത്യാസം ഉണ്ട്. ശരിയായി രേഖപ്പെടുത്തിയത് പരിഗണിക്കാതെയാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയ അളവ്, നിരക്ക്, തുക | നൽകാവുന്ന അളവ്, നിരക്ക്, തുക | വ്യത്യാസം |
|---|---|---|---|
| ഇനം 1 filling with quarry mud (MBപേജ് 5,8) | $56.72m^3$x891.95=50591.40 | $54.589m^3$x891.95=48690.65 | 1901 |
| ഇനം 2 മണ്ണ് ഫില്ലിംഗ് (MBപേജ് 3,9) | $59.69m^3$x273.47=16323.42 | $57.44m^3$x273.47=15708.11 | 615 |
| ആകെ തുക | | | 2,516/- |

ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ഇപ്രകാരം തെറ്റ് സംഭവിച്ചതിനാൽ 2516/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-3 കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.പിഴ ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രോജക്ടുകളുടെ നിർവ്വഹണത്തിന് കരാറിൽ ഏർപ്പെട്ട കരാറുകാർ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിച്ചിട്ടില്ല.

2013 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ വീഴ്ച്ച മൂലം പ്രൊജക്ട് നിർവ്വഹണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, കരാറുകാരൻ പ്രൊജക്ട് നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ പരിശോധിച്ച് സ്വീകാര്യമാണെന്ന് കാണുന്ന പക്ഷം പ്രൊജക്ട് നിർവ്വഹണ കാലയളവ് പ്രൊജക്ട് അടങ്കലിന്റെ 1% പിഴ ഈടാക്കിക്കൊണ്ട് യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ

25% ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പ്രൊജക്ട് അടങ്കലിന്റെ 2% പിഴ ഈടാക്കിക്കൊണ്ട് ഇപ്രകാരം ഒരു തവണ കൂടി യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% വരെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 50% ൽ അധികരിച്ച് പ്രൊജക്ട് നിർവ്വഹണ സമയം ദീർഘിപ്പിച്ച് നൽകാൻ പാടില്ല. മേൽ പ്രൊജക്ടുകൾ യഥാസമയം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാർക്ക് ഒരിക്കൽ പോലും നിർദ്ദേശം നൽകിയതായി കാണുന്നില്ല. ഇപ്രകാരം യാതൊരു നടപടിക്രമങ്ങളും താഴെ പറയുന്ന പ്രൊജക്ടുകളുടെ കാര്യത്തിൽ സ്വീകരിക്കുകയോ, കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് വിവരം | സൈറ്റ് കൈമാറിയ തീയതി | പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | കാലതാമസം | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 1 | പ്രോജക്ട്-എഴുത്തച്ഛൻ റോഡ് റീടാറിംഗ് (196/19)<br>അടങ്കൽ -265000<br>Agreed PAC- 261848<br>ചെലവ് -261720,<br>ബിൽനം -33/18-19, 12.3.19<br>കരാർനം -60/AE/LSGD/AMPR/17-18/22.3.18<br>MB-188/18-19<br>കരാറുകാരൻ-അനുരാഗ് P.P | 22.3.18 | 22.9.18 | 28.2.19 | 5 മാസം | പൂർത്തീകരണ കാലയളവിന്റെ ആദ്യത്തെ25% 45ദിവസം<br>261848x1% -2618<br>രണ്ടാമത്തെ25% 45ദിവസം<br>261848x2% -5237<br>ആകെ തുക - 7855/- |
| 2 | പ്രോജക്ട് -കൈപ്പിള്ളി ചെമ്പോത് റോഡ് മെറ്റലിംഗ് ടാറിംഗ് (172/19)<br>അടങ്കൽ -332000<br>Agreed PAC- 329981<br>ചെലവ് -329969<br>ബിൽനം -39/18-19, 22.3.19<br>കരാർനം -59/AE/LSGD/AMPR/17-18/22.3.18<br>MB-203/18-19<br>കരാറുകാരൻ-അനുരാഗ് P.P | 22.3.18 | 22.9.18 | 27.2.19 | 5 മാസം | പൂർത്തീകരണ കാലയളവിന്റെ ആദ്യത്തെ25% 45ദിവസം<br>329981x1% -3300<br>രണ്ടാമത്തെ25% 45ദിവസം<br>329981x2% -6600<br>ആകെ തുക – 9900/- |

| | | | | | | |
|---|---|---|---|---|---|---|
| 3 | പ്രോജക്ട് -കൈപ്പിള്ളി റിംഗ് ബ്രാഞ്ച് റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് (169/19)<br>അടങ്കൽ -639000<br>Agreed PAC- 622565<br>ചെലവ് -622543<br>ബിൽനം -5/18-19, 31.5.18<br>കരാർനം -63/AE/LSGD/AMPR/17-18/31.3.17<br>MB-358/17-18<br>കരാറുകാരൻ-അനുരാഗ് P.P | 31.3.17 | 31.9.17 | 24.3.18 | 6 മാസം | പൂർത്തീകരണ കാലയളവിന്റെ ആദ്യത്തെ25% 45ദിവസം<br>622565x1% -6226<br>രണ്ടാമത്തെ25% 45ദിവസം<br>622565x2% -12451<br>ആകെ തുക – 18677/- |
| ഈടാക്കേണ്ട ആകെ തുക | | | | | | 36,432/- |

പിഴ ഈടാക്കാത്തതിന് എന്തെങ്കിലും കാരണം ഉണ്ടെങ്കിൽ വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ചുകൊണ്ട് എൻക്വയറി നം.19/26.10.19 നൽകിയെങ്കിലും മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പെയിൻ & പാലിയേറ്റീവ് കെയർ.(നം.30/19) | 200000 | 0 |
| | | 431927 | ലൈഫ് പദ്ധതി-ഭൂമിയുള്ള ഭവനരഹിതർക്ക് വീട് - ജനറൽ- 21/19 | 431927 | 0 |
| | | 500000 | ലൈഫ് പദ്ധതി-ഭൂമിയുള്ള ഭവനരഹിതർക്ക് വീട് -പട്ടികജാതി 23/19 | 500000 | 0 |
| | | 40000 | ഭവന നിർമ്മാണപൂർത്തീകരണം | 40000 | 0 |
| | | 75000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് | 75000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പാലിന് സബ്സിഡി | | |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളിയുള്ളവർക്ക് സ്കോളർഷിപ്പ്. നം.15/19 | 275000 | 0 |
| | | 12000 | ബ്ലോക്ക് പഞ്ചായത്ത് സ്പെഷ്യൽ ഫണ്ട് – സൗഹൃദ ടോയ്‌ലറ്റ് അങ്കണവാടി | 0 | 12000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2149701 | ലൈഫ് പദ്ധതി-ഭൂമിയുള്ള ഭവനരഹിതർക്ക് വീട് - ജനറൽ- 21/19 | 2149701 | 0 |
| | | 318150 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നം.25/18 | 318150 | 0 |
| | | 100000 | ക്ഷീര സംഘങ്ങളി പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | | 200000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 200000 | 0 |
| | | 200000 | വൈദ്യുതി ലൈൻ നീട്ടി തെരുവ് വിളക്ക് സ്ഥാപിക്കൽ 57/19 | 200000 | 0 |
| | | 200000 | ആശ്രയ ജനറൽ | 200000 | 0 |
| | | 60000 | ആശ്രയ പട്ടികജാതി | 60000 | 0 |
| | | 25000 | പച്ചക്കറി കൂലിചെലവ് | 25000 | 0 |
| | 2017-18 | 5000000 (OB) | കുടിവെള്ള പദ്ധതി | 3342440 | 1657560 |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ തെരുവ് വിളക്ക് സ്ഥാപിക്കൽ | ട്രഷറിബിൽ നമ്പർ 13/18-19 തീയതി -19.11.2018 ട്രഷറി ചെക്ക് നമ്പർ-3387732/ 16-11-2018 | 684932<br>200000 | 78161 (യു.സി കിട്ടിയത്) | 806771 |
| KWA | അംബേദ്കർ കോളനി കുടിവെള്ള പദ്ധതി | 253100102/ 31.3.15 | 745000 | 0 | 745000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | മുനയം റോഡ് കുടിവെള്ള പദ്ധതി | 21401231/31.3.15 | 872000 | 0 | 872000 |
| | സമഗ്ര കുടിവെള്ള പദ്ധതി | 021401229/31.3.15 | 4700000 | 0 | 4700000 |
| | താണിപ്പറമ്പ് കുടിവെള്ള പദ്ധതി | 253100102/31.03.16 | 1358000 | 0 | 1358000 |
| | വടക്കുംമ്പുറം കുടിവെള്ള പദ്ധതി | 21501353/31.03.16 | 1750000 | 0 | 1750000 |
| ആകെ | | | | | 9425000 |

2015-2016 സാമ്പത്തിക വർഷങ്ങളിൽ വാട്ടർ അതോറിറ്റിയ്ക്ക് നല്കിയ തുകകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിവരമാണ് ബാലൻസ് ഷീറ്റ് B-18ൽ നീക്കിയിരുപ്പായി കാണിച്ചിരിക്കുന്നത്. 2018-19 വർഷം വാട്ടർ അതോറിറ്റിയ്ക്ക് നല്കിയ തുകയുടെ വിവരം Receipt & Payment RP-47ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം/തീ | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന വായ്പ -ലൈഫ് HUDCO | GO (MS)68/2018/LSGD Dt.18.05.2018 | 8330000 | 0 | 0 | 0 | 8330000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട വർഷം/ ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2.5,2.6 | 2016-17 | <u>തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്</u> 2014-15 രണ്ടാം അർദ്ധവർഷത്തിൽ താഴെ കൊടുത്തിരിക്കുന്നവരിൽ നിന്നും തൊഴിൽനികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്. 1)മിനി പി.വി., നഴ്സിംഗ് അസിസ്റ്റന്റ്,പി.എച്ച്.സി., അരിമ്പൂർ – 250 രൂപ കുറവ് സ്വീകരിച്ചു. 2)രാധ കെ.കെ., പി.ടി.എസ്., പി.എച്ച്.സി.അരിമ്പൂർ – 150 രൂപ കുറവ് സ്വീകരിച്ചു. സ്ഥാപനമേധാവി സമർപ്പിച്ച റിട്ടേൺ അനുസരിച്ചുള്ള അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായല്ല നികുതി ഈടാക്കിയിരിക്കുന്നത്. തൊഴിൽനികുതി കുറവായി ഈടാക്കിയിട്ടുള്ള വ്യക്തികളിൽ നിന്നും നിശ്ചിതനിരക്കിലുള്ള നികുതി ഈടാക്കേണ്ടതാണ്.<br><br>2014-15 ലെ തൊഴിൽ നികുതി റിട്ടേൺസ്, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. | 1) ശ്രീമതി.മിനി.പി.വി.യിൽ നിന്നും 03.08.2018 ൽ 118010102315 നമ്പർ രശീത് പ്രകാരം 250 രൂപ ഈടാക്കിയിട്ടുണ്ട്. 2) ശ്രീമതി.രാധ.കെ.കെയിൽ നിന്നും 07.06.2016 ൽ 11601101442 നമ്പർ രശീത് പ്രകാരം 150 രൂപ ഈടാക്കിയിട്ടുണ്ട്.<br><br>1.A.പഞ്ചായത്തിലെ 2014-15 കാലയളവിലെ പൊതുമരാമത്ത് കരാറുകാരനായ അനുരാഗ് 26.9.2019 ലെ 119010103102 നമ്പർ രസീത് പ്രകാരം 2500 രൂപ അടവാക്കിയിട്ടുണ്ട്. B.കരാറുകാരനായ സെബാസ്റ്റ്യൻ 03.10.2019 ലെ 119010103272 രസീത് പ്രകാരം 2500 രൂപ അടവാക്കിയിട്ടുണ്ട്.<br>• ഉണ്ണികൃഷ്ണൻ പി.ആർ. ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയറിൽനിന്നും 24.09.2019 119010103043 നമ്പർ രസീത് പ്രകാരം 2500 രൂപ അടവാക്കിയിട്ടുണ്ട്.<br>• കെ.കെ.വാസുദേവൻ, ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയറിൽനിന്നും 25.09.2019 119010103077 നമ്പർ |

| | | | | |
|---|---|---|---|---|
| | | | 1. കോൺട്രാക്ടേഴ്സ് 2.പഞ്ചായത്തിലേക്ക് പ്ലാൻ സമർപ്പിച്ചിട്ടുള്ള ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയേഴ്സ്, സൂപ്പർവൈസേഴ്സ് 3.റേഷൻ കടകൾ ഇവരിൽനിന്നും തൊഴിൽനികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | രസീത് പ്രകാരം 2500 രൂപ അടവാക്കിയിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കുന്നതിന് റേഷൻ കടകൾക്ക് റവന്യൂ റിക്കവറി നടപടിക്ക് മുൻപുള്ള ഡിമാന്റ് നോട്ടീസും റവന്യൂ റിക്കവറി നോട്ടീസും നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നോട്ടീസിന്റെ കാലാവധി തീരുന്നമുറയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണ്. |

# 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95795631 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79781116 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 83726 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1637516 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 44778 | സഖി.എൽ, അസി.എഞ്ചിനീയർ |
| 3-2 | - | 2516 | സഖി.എൽ, അസി.എഞ്ചിനീയർ |
| 3-3 | - | 36432 | സഖി.എൽ, അസി.എഞ്ചിനീയർ |
| ആകെ | | 83726 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 1040016 | ജയൻ.എം, സെക്രട്ടറി |
| | | |

| | | |
|---|---|---|
| 1-23 | 350000 | ഡോ.ഷീമ ഗംഗാധരൻ, മെഡിക്കൽ ഒഫീസർ പി.എച്ച്.സി |
| 1-32 | 97500 | ഗോപീകൃഷ്ണൻ, വെറ്ററിനറി സർജൻ |
| 1-33 | 150000 | ലിഷമോഹൻ, വി.ഇ.ഒ (മനക്കൊടി) |
| ആകെ | 1637516 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയൻ എം, സെക്രട്ടറി. | കടങ്ങോട് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ | മാരാത്ത് വീട്, അരിമ്പൂർ പി.ഒ |
| സഖി.എൽ, അസി.എഞ്ചിനീയർ | എൽ.എസ്.ജി.ഡി, അരിമ്പൂർ | ബോധി, പെരുകുളം.പി.ഒ, ആറ്റിങ്ങൽ തിരുവനന്തപുരം |
| ലിഷമോഹൻ, വി.ഇ.ഒ | വി.ഇ.ഒ., ചാലക്കുടി ബ്ലോക്ക്, മേലൂർ പഞ്ചായത്ത് | പൂത്തോട്ട് വീട്, ചാലക്കുടി വെസ്റ്റ് |
| ഗോപീകൃഷ്ണൻ, വെറ്ററനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഹോസ്പിറ്റൽ, അരിമ്പൂർ | എൽ.ശ്രീകൃഷ്ണ നിവാസ്, ഒളരിക്കര, പുല്ലഴി പി.ഒ |
| ഡോ.ഷീമ ഗംഗാധരൻ, മെഡിക്കൽ ഒഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., അരിമ്പൂർ | ദേവി സദനം, കൂറ്റൂർപി.ഒ, തൃശ്ശൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 86-87&87-88 | എൽ.എഫ്.ടി.9-1376/91/2.11.91 |
| 90-91 | എൽ.എഫ്.ടി.9-817/94/17.5.95 |
| 91-92 | എൽ.എഫ്.ടി.9-31/96/21.4.96 |
| 92-93&93-94 | എൽ.എഫ്.ടി.9-60/96/25.5.96 |
| 94-95 | എൽ.എഫ്.ടി.21-1508/2000/2.12.00 |
| 95-96&96-97 | എൽ.എഫ്.ടി.12-703/04/28.10.04/12.1.05 |
| 97-98 | എൽ.എഫ്.ടി.12-109/05/22.4.05/14.11.05 |
| 98-99(വരവ്) | എൽ.എഫ്.ടി.12-1103/05/21.12.05/8.5.06 |
| 98-99(ചെലവ്) | എൽ.എഫ്.ടി.12-1502/00/3.11.00/5.2.01 |
| | |

| | |
|---|---|
| 99-00(ചെലവ്) | എൽ.എഫ്.ടി.12-724/03/1.9.03/2.1.04 |
| 99-00(വരവ്) | എൽ.എഫ്.ടി.12-1104/05/21.12.06/8.5.06 |
| 00-01(ജനകീയാസൂത്രണം) | എൽ.എഫ്.ടി.12-1724/03/8.2.04/9.5.04 |
| 01-02 | എൽ.എഫ്.ടി.12-861/08/23.7.09 |
| 02-03 | എൽ.എഫ്.ടി.12-862/08/23.7.09 |
| 03-04 | എൽ.എഫ്.ടി.12-588/10/4.5.11/13.10.11 |
| 04-05 | എൽ.എഫ്.ടി.12-589/10/4.5.11/13.10.11 |
| 05-06 | എൽ.എഫ്.ടി.12-541/10/28.9.11/18.10.11 |
| 06-07 | എൽ.എഫ്.ടി.12-542/10/28.9.11/4.11.11 |
| 07-08 | എൽ.എഫ്.ടി.പി.6-858/11/21.11.11/18.5.12 |
| 08-09,09-10,10-11 | എൽ.എഫ്.ടി.പി.2-2020/12/8.3.13/14.6.14 |
| 11-12 | എൽ.എഫ്.ടി.പി.2-1097/13/8.11.13/ 7.2.14 |
| 12-13 | എൽ.എഫ്.ടി.പി2-569/14/10.1.14/12.1.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.(പി1)491/15, തീ.22.9.15/17.10.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ.(പി2)918/16, തീ.12.06.16 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ (പി2) 2202/16, തീ.16.01.17 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ (പി2) 1308/17, തീ.31.08.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ (പി2) 712/19, തീ.06.06.2019 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ